## 15 -ാം കേരള നിയമസഭ

## 14 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1883** **29-09-2025 - ൽ മറുപടിയ്ക്ക്**

## ഭിന്നശേഷിക്കാരുടെ പൊതുഗതാഗത സൗകര്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുഗതാഗത സൗകര്യങ്ങൾ ഭിന്നശേഷിക്കാർക്ക് കൂടി ഉപയോഗിക്കുന്നതിന് എന്തെല്ലാം നടപടികളാണ് നിലവിലെ സർക്കാരിന്റെ ഭാഗത്ത് നിന്നും സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | സ.ഉ (സാ.ധാ) നമ്പർ 54/2019/എസ്.ജെ.ഡി. തീയതി 30/01/2019 ഉത്തരവിലെ 10,11 നിർദ്ദേശങ്ങൾ പ്രകാരം കെ.എസ്.ആർ.ടി. സി ബസുകളും പ്രൈവറ്റ് ബസുകളും ഭിന്നശേഷി സൗഹൃദമാക്കുന്നത് സംബന്ധിച്ച് നടപടി സ്വീകരിക്കാൻ ഗതാഗത വകുപ്പിന് നിർദേശം നൽകി സാമൂഹ്യനീതിവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>അതുപ്രകാരം ഭിന്നശേഷിക്കാർക്കുള്ള യാത്രാസൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതായി ഗതാഗത വകുപ്പ് അറിയിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സിയിൽ ലഭ്യമായിട്ടുള്ള ബസുകളിൽ 152 ലോ ഫ്ലോർ എ.സി വോൾവോ ബസുകൾ പൂർണ്ണമായും ഭിന്നശേഷി സൗഹൃദമാണ്. ടി ബസുകളിൽ വീൽചെയർ കയറ്റാനും, ലോക്ക് ചെയ്യാനുമുള്ള സംവിധാനം ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>സെമി ലോ ഫ്ലോർ വിഭാഗത്തിൽപ്പെട്ട 288 നോൺ എ.സി ബസുകളുടെ ഫ്ലോറിന്റെ ഉ യരം 650 മില്ലിമീറ്റർ മാത്രമാണ്. കൂടാതെ വീതി കൂടിയ വാതിലും 2 ചവിട്ടുപടികൾ മാത്രം ഉള്ളവയുമാണ്. സിറ്റി സർവ്വീസുകൾക്കായി ലഭ്യമാക്കിയിട്ടുള്ള 165 ഇലക്ട്രിക് ബസുകളുടെ ഫ്ലോറിന്റെ ഉയരം 890 മില്ലി മീറ്ററും, ടി ബസുകൾ സൗകര്യപ്രദമായ ചവിട്ടുപടികൾ ഉള്ളവയുമാണ്. കൂടാതെ പുതുതായി നിരത്തിലിറക്കിയിട്ടുള്ള കെ.എസ്.ആർ.ടി.സി - സ്വിഫ്റ്റ്സൂപ്പർ ഡീലക്സ് ബസുകളും ഭിന്നശേഷിക്കാർക്ക് പ്രയോജനപ്പെടുംവിധം അധികം ചവിട്ടുപടി ഉള്ളവയാണ്.<br><br>സംസ്ഥാനത്തെ പൊതുഗതാഗത സൗകര്യങ്ങൾ ഭിന്നശേഷിക്കാർക്ക് ഉപയോഗപ്പെടുത്തുന്നതിൻറെ ഭാഗമായി കെ.എസ്.ആർ. ടി.സി. ബസുകളിൽ സീറ്റ് സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ |

ഭിന്നശേഷിക്കാർക്ക് സംവരണം ചെയ്തിട്ടുള്ള 5% സീറ്റുകൾ ഭിന്നശേഷിക്കാരായ സ്ത്രീകൾക്കും പുരുഷന്മാർക്കുമായി ക്രമീകരിച്ചിട്ടുണ്ട്. ഇത്തരം സീറ്റുകൾ പെട്ടെന്ന് തിരിച്ചറിയത്തക്കവിധത്തിൽ ബസ്സുകളിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. ജലഗതാഗതവകുപ്പിൻ്റെ ബോട്ടുകളിലും ഭിന്നശേഷിക്കാർക്കായി സീറ്റ് സംവരണം ചെയ്തിട്ടുണ്ട്.. ഭിന്നശേഷിയുടെ ശതമാനത്തിൻ്റെ അടിസ്ഥാനത്തിൽ ജലഗതാഗത വകുപ്പിന്റെ യാത്രാബോട്ടുകളിൽ ടിക്കറ്റ് നിരക്കിൽ ഇളവും നൽകുന്നു.

40 ശതമാനമോ അധികരിച്ചതോ ആയ ഭിന്നശേഷിക്കാർക്ക് നിയമാനുസൃതം സൗജന്യ യാത്രാപാസ് നൽകി വരുന്നു. രണ്ടുകണ്ണുകൾക്കും പൂർണമായും കാഴ്ച നഷ്ടമായവർക്ക് സൂപ്പർ ക്ലാസ് സർവീസിലൊഴികെ 100 % ഇളവോട് കൂടിയും കാഴ്ച പരിമിതരായവർക്ക് ടിക്കറ്റ് നിരക്കിൽ ഇളവോട് കൂടിയും പാസ് നൽകി വരുന്നു.

ഇന്റലെക്ച്വലി ചാലഞ്ച്ഡ് , സെറിബ്രൽ പാൾസി, ബധിര-മൂക ലോക്കോമോട്ടോർ വിഭാഗക്കാർക്കും പാസ് നൽകിവരുന്നു. ഇതിനു പുറമെ ഭിന്നശേഷി അവകാശ നിയമം 2016 ൻ്റെ പരിധിയിൽ വരുന്ന വിവിധങ്ങളായ 17 തരം ഭിന്നശേഷിപാസും നൽകിവരുന്നുണ്ട്.

ഭിന്നശേഷിക്കാർക്ക് നിയമാനുസൃതം അവരർഹിക്കുന്ന ഇളവുകൾ നൽകാത്ത ബസ് ഓപ്പറേറ്റർമാർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ എല്ലാ ആർ ടി ഒ / ജോയിന്റ് ആർ ടി ഒ മാർക്കും കർശന നിർദ്ദേശം മോട്ടോർവാഹനവകുപ്പ് മുഖേന നൽകിയിട്ടുണ്ട്. കൂടാതെ, വാഹനങ്ങൾ ഫിറ്റ്നസ് പരിശോധനയ്ക്ക് വിധേയമാക്കുമ്പോൾ എല്ലാ ബസുകളിലും ഭിന്നശേഷിക്കാർക്കുള്ള റീസർവേഷൻ സീറ്റുകൾ അടയാളപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കുന്നുണ്ട്.

റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്/ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി വിവിധ സേവനങ്ങൾക്ക് വകുപ്പിനെ സമീപിക്കുന്ന ഭിന്നശേഷിക്കാർക്ക് നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനായി ഒരു അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടറെ (എ എം വിഐ) നോഡൽ ഓഫീസറായി നിയമിച്ചിട്ടുമുണ്ട്.

| | | | |
|---|---|---|---|
| | | | കേന്ദ്ര മോട്ടോർ വാഹന ചട്ടം 125 സി അനുശാസിക്കുന്ന ബസ് ബോഡി കോഡ് പ്രകാരമാണ് ബസുകളുടെ ബോഡി നിർമ്മിക്കുന്നത്. ആയതിനാൽ സംസ്ഥാന മോട്ടോർ വാഹന വകുപ്പിന് വാഹനങ്ങളുടെ വീതി വർദ്ധിപ്പിക്കുന്നതിലോ റാമ്പ് പിടിപ്പിക്കുന്നതിലോ തീരുമാനം എടുക്കാൻ നിയമം അനുവദിക്കുന്നില്ല. പ്രസ്തുത ചട്ടത്തിൽ ഭേദഗതി കൊണ്ടു വരാനായി കേന്ദ്ര സർക്കാരിനോട് ഗതാഗത വകുപ്പ് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ബി) | വീൽചെയർ ഉപയോഗിക്കുന്ന ഭിന്നശേഷിക്കാർക്ക് പൊതുഗതാഗത സംവിധാനങ്ങളായ കെ.എസ്.ആർ.ടി.സി. ബസുകളിലും യാത്രാബോട്ടുകളിലും അവരുടെ വീൽ ചെയർ കൂടി മടക്കി വച്ച് കൊണ്ടു പോകുന്നതിന് വേണ്ട സൗകര്യങ്ങൾ ഇല്ലാത്തതിനാൽ സ്വകാര്യ വാഹനങ്ങളെ ആശ്രയിക്കേണ്ടി വരുന്നതും അതുവഴി സാമ്പത്തിക ബാധ്യത അധികമാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തരണം ചെയ്യുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | ഉണ്ട്.<br><br>സ.ഉ (സാ.ധാ) നമ്പർ 54/2019/എസ്.ജെ. ഡി. തീയതി 30/01/2019 ഉത്തരവിലെ നിർദ്ദേശം 10,11 പ്രകാരം സംസ്ഥാനത്തെപൊതു ഗതാഗത സംവിധാനങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നത് സംബന്ധിച്ച് നിർദേശം നൽകി സാമൂഹ്യനീതിവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതുപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുള്ളതായി ഗതാഗതവകുപ്പ് അറിയിച്ചി ട്ടുണ്ട്.<br><br>കെ.എസ്.ആർ.ടി.സി-യിൽ നിലവിൽ ലഭ്യമായിട്ടുള്ള 152 ലോ ഫ്ലോർ എ.സി വോൾവോ ബസുകൾ പൂർണമായും ഭിന്നശേഷി സൗഹൃദമാണ്. ടി ബസുകളിൽ വീൽചെയർ കയറ്റാനും, ലോക്ക് ചെയ്യാനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>വീൽചെയർ ഉപയോഗിക്കുന്ന ഭിന്നശേഷിക്കാർക്ക് സംസ്ഥാന ജലഗതാഗത വകുപ്പിന്റെ കീഴിലുള്ള യാത്രാബോട്ടുകളിൽ അവരുടെ വീൽചെയർ കൂടി മടക്കിവച്ച് കൊണ്ട് പോകാൻ വേണ്ട സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ